A1/135/2025-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - കേരള ലളിതകലാ അക്കാദമിക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

G.O.(Rt)No.179/2026/CLAD തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-

1. 04.01.2021 തീയതിയിലെ 1/2021/Fin നമ്പർ സർക്കുലർ
2. സ.ഉ.(സാധാ) നം.290/2025/സാം.കാ.വ തീയതി,20.05.2025
3. സ.ഉ.(സാധാ) നം.330/2025/സാം.കാ.വ തീയതി, 11.06.2025
4 സ.ഉ. (സാധാ) നം.592/2025/സാം.കാ.വ തീയതി, 16.10.2025
5 കേരള ലളിതകലാ അക്കാദമി സെക്രട്ടറിയുടെ 08.12.2025 തീയതിയിലെ കെ.എൽ.കെ.ബി. 364/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള ലളിതകലാ അക്കാദമിക്ക് 2025-26 സാമ്പത്തിക വർഷം വിവിധ പദ്ധതി പ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ് 5,50,00,000/- രൂപയായി (അഞ്ച് കോടി അമ്പത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പദ്ധതി വിഹിതത്തിൽ നിന്നും പരാമർശം (3),(4) ഉത്തരവുകൾ പ്രകാരം രണ്ട് ഗഡുക്കളായി 1,92,50,000/-രൂപ (ഒരു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചുത്തരവായിരുന്നു. പ്രസ്തുത വിഹിതത്തിൽ നിന്നും മൂന്നാം ഗഡു അനുവദിക്കണമെന്ന് പരാമർശം കത്ത് പ്രകാരം കേരള ലളിതകലാ അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി ലഭിച്ചിട്ടുള്ള ഘടകങ്ങൾക്ക് മാത്രമെ അനുവദിക്കുന്ന തുക ചെലവഴിക്കുകയുള്ളു എന്ന നിബന്ധനയിന്മേൽ, കേരള ലളിതകലാ അക്കാദമിക്ക് 2025-26 സാമ്പത്തിക വർഷം "2205-00-102-91-00-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതി വിഹിതമായി വകയിരുത്തിയ തുകയിൽ നിന്നും 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള ലളിതകലാ അക്കാദമിയുടെ തൃശ്ശൂർ ജില്ലാ ട്രഷറിയിലുള്ള 799012700000265 എന്ന പി.എസ്.റ്റി.എസ്.ബി അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന

സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത സാമ്പത്തിക വർഷം ആദ്യ ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
JOINT SECRETARY

സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി ഒ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യവകുപ്പ് (3163336/EDN-D1/122/2025-FIN dated 23.02.2026)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 28-02-2026 12:17:03